## സ്വകാര്യ മേഖലയിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം

22 (6473) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ ആർക്കൊക്കെ അനുമതി നൽകിയിട്ടുണ്ട് ; ഇതുവഴി എത്ര വൈദ്യുതിയാണ് കെ.എസ്.ഇ.ബി.ക്ക് ലഭിക്കുന്നത് ;

(ബി) പാരമ്പര്യേതര വൈദ്യുതി ഉത്പാദനത്തിന് സ്വകാര്യസംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ കാറ്റ്, കോ-ജനറേഷൻ ചെറുകിട ജലവൈദ്യുതി എന്നിവ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംരംഭകരുടെ പട്ടിക അനുബന്ധം 1 ആയി വെച്ചിട്ടുണ്ട്.* ഈ പദ്ധതികളിൽനിന്നും ഏകദേശം 350.13 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ഇതിനുപുറമെ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സ്വകാര്യമേഖലയിൽ പാലക്കാട് ജില്ലയിൽ M/s. Inox Renewables Limited ഇടുക്കി ജില്ലയിൽ M/s. Spice Earth Infrastructure and Hotels Private Limited. M/s. Kosamattom Finance Private Limited എന്നീ പദ്ധതികൾക്ക് അനെർട്ട് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടെങ്കിലും ഉൽപ്പാദനം ആരംഭിച്ചിട്ടില്ല.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് `Kerala Irrigation and Water Conservation Act, 2003 (Act 31 of 2003) പ്രകാരം Small Hydro Policy 2012-ൽ വാട്ടർ സെസ്സ് നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സൗരോർജ്ജ വൈദ്യുതി മേഖലയിൽ അനെർട്ട് 10000 രൂഫ് ടോപ്പ് വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നു. പ്രസ്തുതപദ്ധതിക്ക് കേന്ദ്ര സർക്കാർ സബ്സിഡിയായി 53,262 രൂപയും കേരള സർക്കാർ സബ്സിഡിയായി 39,000 രൂപയും നൽകിവരുന്നു. കാറ്റിൽനിന്നും ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് നൽകുന്നതിന് പ്രത്യേക നിരക്കുകൾ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്. സൗരോർജ്ജ പ്ലാന്റുകളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നത് റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതികൾക്ക് UNFCC (United Nations Framework for Climate Change) വഴി `Carbon Credit ലഭിക്കും.

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സോളാർ പോളിസിപ്രകാരം 10 മെഗാവാട്ടോ അതിൽത്താഴെയോ ശേഷിയുള്ള സോളാർ പ്ലാന്റുകളിൽനിന്നുള്ള പവർ ഇവാക്കുവേഷനുള്ള സൗകര്യം കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയ്യണമെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. കൂടാതെ ഇലക്ട്രിസിറ്റി ഡ്യൂട്ടി, വീലിംഗ് ചാർജ്ജസ്, ടി & ഡി ലോസ്സസ് എന്നിവയും ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്.

കൂടാതെ, ഈ പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് റെഗുലേറ്ററി കമ്മീഷൻ, പ്രിഫറൻഷ്യൽ താരിഫാണ് നിശ്ചയിച്ചിരിക്കുന്നത്.

## പെറ്റ്കോക്ക് വൈദ്യുതി നിലയം

**23 (6474)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം കോക്ക് (പെറ്റ്കോക്ക്) ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൈദ്യുതി നിലയം കൊച്ചിയിൽ സ്ഥാപിക്കാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പെറ്റ്കോക്കിൽ നിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നത് ; പദ്ധതി എന്നാണ് ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) എന്തുതുകയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത് ; പദ്ധതിക്ക് എത്ര ഭൂമിയാണ് വേണ്ടത് ; ഇതു ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ലഭ്യമായത് ;

(ഡി) പെറ്റ്കോക്ക് ഉപയോഗിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ എത്ര രൂപ ചെലവുവരുമെന്നാണ് കണക്കാക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പെറ്റ്കോക്ക് ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൈദ്യുതിനിലയം കൊച്ചിയിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം പോക്കടിൽനിന്നും ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾക്കായി ഒരു ഉന്നതതല സമിതിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഇതുസംബന്ധിച്ച തേൽനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) 500 മെഗാവാട്ട് വൈദ്യുതിയാണ് പെറ്റ്കോക്ക് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈവർഷംതന്നെ പദ്ധതി ആരംഭിക്കുകയാണ് ലക്ഷ്യം. 2017-18 സാമ്പത്തികവർഷത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഒരു മെഗാവാട്ടിന് വേണ്ടിവരുന്ന ചെലവ് 8 മുതൽ 11 കോടി രൂപവരെയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. പദ്ധതിക്ക് ഏകദേശം 150 ഏക്കറോളം സ്ഥലമാണ് ആവശ്യമായിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് കൊച്ചിയിൽ പോക്കടിന്റെ കൈവശമുള്ള 150 ഏക്കറാണ് യോജിച്ച സ്ഥലമായി കണ്ടെത്തിയിട്ടുള്ളത്. ഈ സ്ഥലം പോക്കടിൽനിന്നും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികൾക്കായി ഒരു ഉന്നതതലസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly